**സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മന്ത്രാലയം**
ന്യൂഡൽഹി, 2012 മാർച്ച് 23

**ഉത്തരവ്**

**എസ്.ഒ. 581 (ഇ).**– കേന്ദ്ര സർക്കാർ മന്ത്രാലയങ്ങൾ, വകുപ്പുകൾ, പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവ അവരുടെ ചരക്കുകളുടെ അല്ലെങ്കിൽ സേവനങ്ങളുടെ വാർഷിക മൂല്യത്തിന്റെ കുറഞ്ഞത് 20 ശതമാനം സൂക്ഷ്മ, ചെറുകിട സംരംഭങ്ങളിൽ നിന്ന് സംഭരിക്കേണ്ടതാണ്;

കൂടാതെ, പൊതു സംഭരണ നയം ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ അല്ലെങ്കിൽ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷനിൽ അല്ലെങ്കിൽ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ അല്ലെങ്കിൽ കയർ ബോർഡിൽ അല്ലെങ്കിൽ നാഷണൽ സ്മോൾ ഇൻഡസ്ട്രീസ് കോർപറേഷനിൽ അല്ലെങ്കിൽ ഡയറക്ടറേറ്റ് ഓഫ് ഹാൻഡിക്രാഫ്റ്റ്സ് ആന്റ് ഹാൻഡ്‌ലൂമിൽ അല്ലെങ്കിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മന്ത്രാലയം നിർദേശിച്ചിട്ടുള്ള മറ്റേതെങ്കിലും സ്ഥാപനത്തിൽ റെജിസ്റ്റർ ചെയ്തിട്ടുള്ള സൂക്ഷ്മ, ചെറുകിട സ്ഥാപനങ്ങൾക്ക് ബാധകമായിരിക്കുന്നതാണ്;

കൂടാതെ, പൊതു സംഭരണ നയം അടിസ്ഥാനപ്പെട്ടിരിക്കുന്നത്, നീതീപൂർവ്വകവും, നിഷ്പക്ഷവും, സുതാര്യവും, മത്സരാധിഷ്ഠിതവും, ചെലവ് കുറഞ്ഞതുമായ ഒരു സംവിധാനത്തിന് അനുസൃതമായി ചരക്കുകളുടെ അല്ലെങ്കിൽ സേവനങ്ങളുടെ വിതരണത്തിനുള്ള ശക്തമായ സംഭരണ സമ്പ്രദായങ്ങളും, ഓർഡറുകളുടെ നടപ്പിലാക്കലും പാലിച്ചുകൊണ്ടുള്ള മത്സരക്ഷമതയുടെ അടിസ്ഥാന തത്വങ്ങളിലാണ്;

സൂക്ഷ്മ, ഇടത്തരം സംരംഭങ്ങളുടെ പ്രോത്സാഹനവും വികസനവും സൗകര്യപ്പെടുത്തുന്നതിനായി, കേന്ദ്ര സർക്കാർ അല്ലെങ്കിൽ സംസ്ഥാന സർക്കാർ, യഥോചിതം,തങ്ങളുടെ മന്ത്രാലയങ്ങൾ അല്ലെങ്കിൽ വകുപ്പുകൾ, യഥോചിതം, അല്ലെങ്കിൽ അതിന്റെ ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും മുഖേനയുള്ള, സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ ഉല്പാദിപ്പിക്കുകയും പ്രദാനം ചെയ്യുകയും ചെയ്യുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും സംഭരണവുമായി ബന്ധപ്പെട്ട മുൻഗണനാ നയങ്ങൾ കാലാകാലങ്ങളിൽ ഉത്തരവിലൂടെ, വിജ്ഞാപനം ചെയ്യേണ്ടതുമാണ്.

ആയതിനാൽ, ഇപ്പോൾ, 2006ലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ വികസന (എം.എസ്.എം.ഇ.ഡി.) ആക്ടിന്റെ വകുപ്പ് 11പ്രകാരം സിദ്ധിച്ചിരിക്കുന്ന അധികാരങ്ങൾ പ്രയോഗിച്ച്, കേന്ദ്ര സർക്കാർ, ഉത്തരവിലൂടെ, സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾ ഉല്പാദിപ്പിക്കുകയും പ്രദാനം ചെയ്യുകയും ചെയ്യുന്ന ചരക്കുകളും സേവനങ്ങളും, അതിന്റെ മന്ത്രാലയങ്ങളും വകുപ്പുകളും സ്ഥാപനങ്ങളും പൊതുമേഖലാ സംരംഭങ്ങളും സംഭരിക്കുന്നതിനെ സംബന്ധിച്ച പൊതു സംഭരണ നയം (ഇനിമേൽ ഇതിൽ നയം എന്ന് സൂചിപ്പിച്ചിരിക്കുന്നു) വിജ്ഞാപനം ചെയ്യുന്നു.

2. **ലഘു ശീർഷകവും ആരംഭവും.** –

(1) ഈ ഉത്തരവിന്റെ ശീർഷകം 'സൂക്ഷ്മ, ഇടത്തരം സംരംഭങ്ങൾക്കുള്ള (എം.എസ്.ഇ.കൾക്കുള്ള) പൊതു സംഭരണ നയം ഉത്തരവ്, 2012' എന്നാണ്.

(2) ഇത് 2012 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

3. **സൂക്ഷ്മ, ചെറുകിട സംരംഭങ്ങളിൽ നിന്നുള്ള നിർബന്ധമുള്ള സംഭരണം.** – (1) ഓരോ മന്ത്രാലയത്തിന്റെയും അല്ലെങ്കിൽ വകുപ്പിന്റെയും അല്ലെങ്കിൽ പൊതു മേഖലാ സ്ഥാപനത്തിന്റെയും ഒരു മൂന്ന് വർഷ കാലയളവിലെ ആകമാനമായ സംഭരണത്തിന്റെ കുറഞ്ഞത് 20 ശതമാനം ചെറുകിട, ഇടത്തരം സംരംഭങ്ങൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളിലും നല്കുന്ന സേവനങ്ങളിലും നിന്ന് ആയിരിക്കണം എന്ന ലക്ഷ്യം കൈവരിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടി ഓരോ മന്ത്രാലയവും, വകുപ്പും, പൊതു മേഖലാ സ്ഥാപനവും 2012–13 സാമ്പത്തിക വർഷത്തിലും തുടർന്നും, ചെറുകിട, ഇടത്തരം സംരംഭങ്ങളിൽ നിന്നുള്ള സംഭരണത്തിന് ഒരു വാർഷിക ലക്ഷ്യം നിശ്ചയിക്കേണ്ടതാണ്.

(2) സംഭരണത്തിന്റെ വാർഷിക ലക്ഷ്യത്തിൽ, വമ്പൻ സംരംഭങ്ങളും നാഷണൽ സ്മോൾ ഇൻഡസ്ട്രീസ് കോർപറേഷനാൽ രൂപീകൃതമായിട്ടുള്ള സൂക്ഷ്മ, ചെറുകിട സംരംഭങ്ങളുടെ കൺസോർഷ്യവും സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾക്ക് നല്കുന്ന സബ്കോൺട്രാക്റ്റുകളും ഉൾപ്പെടുന്നതാണ്.

expert PDF Trial

(3) മൂന്ന് വർഷ കാലയളവിനു ശേഷം, അതായത് 2015 ഏപ്രിൽ 1 മുതൽ, ആകമാനമായ സംഭരണത്തിന്റെ കുറഞ്ഞത് 20 ശതമാനം എന്ന ലക്ഷ്യം നിർബന്ധമാകുന്നതാണ്.

(4) വാർഷിക ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെടുന്ന കേന്ദ്ര മന്ത്രാലയങ്ങൾ, വകുപ്പുകൾ, പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവ, ഈ നയത്തിനു കീഴിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മന്ത്രാലയം രൂപീകരിച്ചിട്ടുള്ള, സെക്രട്ടറി (സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ) അദ്ധ്യക്ഷനായുള്ള റിവ്യൂ കമ്മിറ്റിക്ക് മുന്നിൽ അതിനുള്ള കാര്യകാരണങ്ങൾ സഹിതം സമർത്ഥിക്കേണ്ടതാണ്.

4. **പട്ടികജാതിക്കാർ അല്ലെങ്കിൽ പട്ടികവർഗ്ഗക്കാരുടെ ഉടമസ്ഥതയിലുള്ള സൂക്ഷ്മ, ചെറുകിട, സംരംഭങ്ങൾക്കായുള്ള പ്രത്യേക വ്യവസ്ഥകൾ**. വാർഷിക സംഭരണത്തിന്റെ കുറഞ്ഞത് 20 ശതമാനം സൂക്ഷ്മ, ചെറുകിട, സംരംഭങ്ങളിൽ നിന്നായിരിക്കണം എന്ന ലക്ഷ്യത്തിൽ 20 ശതമാനത്തിന്റെ (അതായത് 20 ശതമാനത്തിൽ നിന്ന് 4 ശതമാനം) ഒരു ഉപ-ടാർഗറ്റ് പട്ടികജാതി അല്ലെങ്കിൽ പട്ടികവർഗ്ഗത്തിൽ പെട്ട സംരംഭകരുടെ ഉടമസ്ഥതയിലുള്ള സൂക്ഷ്മ, ചെറുകിട, സംരംഭളിൽ നിന്ന് സംഭരിക്കുന്നതിനായി വേർതിരിക്കേണ്ടതാണ്. അത്തരം സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾക്ക് ടെൻഡർ നടപടിക്രമത്തിൽ പങ്കെടുക്കാനോ ടെൻഡർ ആവശ്യകതകളും എൽ 1 വിലയും നിറവേറ്റാനോ സാധിക്കാതിരിക്കുകയാണെങ്കിൽ, പട്ടികജാതി അല്ലെങ്കിൽ പട്ടികവർഗ്ഗത്തിൽ പെട്ട സംരംഭകരുടെ ഉടമസ്ഥതയിലുള്ള സൂക്ഷ്മ, ചെറുകിട, സംരംഭങ്ങൾക്കായി വേർതിരിച്ചിട്ടുള്ള സംഭരണത്തിനുള്ള 4 ശതമാനം ഉപ-ടാർഗറ്റ് മറ്റ് സൂക്ഷ്മ, ചെറുകിട സംരംഭങ്ങളിൽ നിന്ന് നിറവേറ്റാവുന്നതാണ്.

5. **വാർഷിക റിപ്പോർട്ടിൽ ടാർഗറ്റുകളുടെ റിപ്പോർട്ടിംഗ്.**(1) സൂക്ഷ്മ, ചെറുകിട സംരംഭങ്ങളിൽ നിന്നുള്ള സർക്കാർ സംഭരണങ്ങളെ കുറിച്ചുള്ള ഡാറ്റ, ഈ നയം ശക്തിപ്പെടുത്തുന്നതിന് നിർണായകമാണ്, ഈ ഉദ്ദേശ്യത്തിനായി, ഓരോ കേന്ദ്ര മന്ത്രാലയവും, വകുപ്പും അല്ലെങ്കിൽ പൊതു മേഖലാ സ്ഥാപനവും സൂക്ഷ്മ, ചെറുകിട സംരംഭങ്ങളിൽ നിന്ന് സംഭരണം നടത്തുന്നതിനായി മുന്നോട്ടുവച്ച ലക്ഷ്യങ്ങളെയും അതിൽ കൈവരിച്ച നേട്ടത്തെയും സംബന്ധിച്ച് തങ്ങളുടെ ബന്ധപ്പെട്ട വാർഷിക റിപ്പോർട്ടുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(2)വാർഷിക റിപ്പോർട്ടിംഗ് വ്യത്യസ്ത മന്ത്രാലയങ്ങൾ അല്ലെങ്കിൽ വകുപ്പുകൾ അല്ലെങ്കിൽ പൊതുമേഖലാ സ്ഥാപനങ്ങൾ സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾക്ക് പ്രദാനം ചെയ്ത പിന്തുണ സംബന്ധിച്ച് കൂടുതൽ നന്നായി മനസ്സിലാക്കുന്നതിൽ സഹായകരമാകണം.

6. **ടെൻഡറുകളിലെ വില ക്വാട്ടേഷൻ** (1) ടെൻഡറിൽ, എൽ.1 + 15 ന്റെ വില ബാൻഡിനുള്ളിൽ വില കോട്ട് ചെയ്യുന്ന പങ്കെടുക്കുന്ന സൂക്ഷ്മ, ചെറുകിട സംരംഭങ്ങളെ, അവരുടെ വില എൽ1 വിലയിലേക്ക് താഴ്ത്തിക്കൊണ്ട് ആവശ്യകതയുടെ ഒരു ഭാഗം വിതരണം ചെയ്യാൻ അനുവദിക്കണം. ഇത്എൽ1 വില സൂക്ഷ്മ, ചെറുകിട സംരംഭം അല്ലാതെയുള്ള മറ്റാരിലെങ്കിലും നിന്നായിരിക്കുന്ന സാഹചര്യത്തിലാണ്. അത്തരം സൂക്ഷ്മ, ചെറുകിട സംരംഭത്തെ ടെൻഡർ ചെയ്യപ്പെട്ടിരിക്കുന്ന മൊത്തം മൂല്യത്തിന്റെ 20 ശതമാനം വരെ വിതരണം ചെയ്യാൻ അനുവദിക്കണം.
(2) അത്തരത്തിലുള്ള ഒന്നിലധികം സൂക്ഷ്മ, ചെറുകിട സംരംഭങ്ങളുണ്ടെങ്കിൽ, വിതരണം ആനുപാതികമായി (ടെൻഡർ ചെയ്യപ്പെട്ടിരിക്കുന്ന അളവിന്) പങ്കുവയ്ക്കേണ്ടതാണ്.

7. **സൂക്ഷ്മ, ചെറുകിട സംരംഭ വെൻഡർമാരുടെ വികസനം** – കേന്ദ്ര മന്ത്രാലയങ്ങൾ, വകുപ്പുകൾ അല്ലെങ്കിൽ പൊതു മേഖലാ സ്ഥാപനങ്ങൾ, വെൻഡർ വികസന പരിപാടികൾ അല്ലെങ്കിൽ ബയർ-സെല്ലർ കൂടിവരവുകൾ സംഘടിപ്പിച്ചും, ആനുകാലികമായി ആവശ്യകതകളുമായി ബന്ധപ്പെട്ട് ഒരു നിശ്ചിത കാലയളവിലേക്ക് സൂക്ഷ്മ, ചെറുകിട സംരംഭങ്ങളുമായി റേറ്റ് കോൺട്രാക്റ്റിൽ ഏർപ്പെട്ടും അനുയോജ്യരായ വെൻഡർമാരെ വികസിപ്പിക്കുന്നതിനുള്ള ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. **വെബ്സൈറ്റുകളിൽ സൂക്ഷ്മ, ചെറുകിട സംരംഭങ്ങളിൽ നിന്ന് സംഭരിക്കുന്നതിനുള്ള വാർഷിക പ്ലാൻ.**– കേന്ദ്ര മന്ത്രാലയങ്ങൾ, വകുപ്പുകൾ അല്ലെങ്കിൽ പൊതു മേഖലാ സ്ഥാപനങ്ങൾ പർച്ചേസുകൾക്കുള്ള വാർഷിക സംഭരണ പ്ലാൻ തയ്യാറാക്കുകയും, സംഭരണം നടത്തുന്ന ഏജൻസികളുടെ ആവശ്യകതയെ കുറിച്ചുള്ള വിവരം സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾക്ക് മുൻകൂറായി ലഭിക്കത്തക്ക വിധത്തിൽ അവ തങ്ങളുടെ ഔദ്യോഗിക വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുകയും വേണം.

eXpert PDF Trial

**9. സർക്കാർ സംഭരണങ്ങളിൽ പട്ടികജാതിക്കാർ അല്ലെങ്കിൽ പട്ടികവർഗ്ഗക്കാരുടെ ഉടമസ്ഥതയിലുള്ളവ ഉൾപ്പെടെയുള്ള സൂക്ഷ്മ, ചെറുകിട, സംരംഭങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കൽ**. – സർക്കാർ സംഭരണങ്ങളിൽ പട്ടികജാതിക്കാർ അല്ലെങ്കിൽ പട്ടികവർഗ്ഗക്കാരുടെ ഉടമസ്ഥതയിലുള്ള സൂക്ഷ്മ, ചെറുകിട, സംരംഭങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി, കേന്ദ്ര സർക്കാർ മന്ത്രാലയങ്ങളും വകുപ്പുകളും പൊതു മേഖലാ സ്ഥാപനങ്ങളും ചുവടെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്:–

(എ) വകുപ്പുകൾ/പൊതു മേഖലാ സ്ഥാപനങ്ങൾ പട്ടികജാതിക്കാർക്ക് അല്ലെങ്കിൽ പട്ടികവർഗ്ഗക്കാർക്കായി പ്രത്യേക വെൻഡർ വികസന പരിപാടികൾ അല്ലെങ്കിൽ ബയർ–സെല്ലർ കൂടിവരവുകൾ സംഘടിപ്പിക്കണം;

(ബി) നാഷണൽ സ്മോൾ ഇൻഡസ്ട്രീസ് കോർപറേഷൻ, കൺസോർഷ്യ രൂപീകരണത്തിനുള്ള അതിന്റെ പദ്ധതികൾക്കു കീഴിൽ പട്ടികജാതിക്കാർ അല്ലെങ്കിൽ പട്ടികവർഗ്ഗക്കാരിൽ നിന്നുള്ള കൂടുതൽ കൂടുതൽ സൂക്ഷ്മ, ചെറുകിട, സംരംഭങ്ങളെ കവർ ചെയ്യുന്നതിനായി ഔട്ട്റീച്ച് പ്രോഗ്രാമുകൾ സംഘടിപ്പിക്കണം;കൂടാതെ

(സി) നാഷണൽ സ്മോൾ ഇൻഡസ്ട്രീസ് കോർപറേഷൻ, അതിന്റെ സിംഗിൾ പോയിന്റ് റെജിസ്ട്രേഷൻ സ്ക്രീമിനു (എസ്.പി.ആർ.എസ്.) കീഴിൽ പട്ടികജാതിക്കാർ അല്ലെങ്കിൽ പട്ടികവർഗ്ഗക്കാർക്കു വേണ്ടി ഒരു പ്രത്യേക ജാലകം തുറക്കണം.

10. **ഇടപാട് ചെലവിൽ കിഴിവ്**. ബിസിനസ്സ് നടത്തുന്നതിന്റെ ചെലവ് കുറയ്ക്കുന്നതിന്, ടെൻഡർ സെറ്റുകൾ സൗജന്യമായി നല്കിയും, നിരദ്രവ്യ അടയ്ക്കുന്നതിൽ നിന്ന് സൂക്ഷ്മ, ചെറുകിട സംരംഭങ്ങളെ ഒഴിവാക്കിയും, ടെൻഡർ പ്രക്രിയയിൽ സുതാര്യത കൊണ്ടുവരുന്നതിനായി ഇ–പ്രൊക്യൂർമെന്റ് അവലംബിച്ചും, സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മന്ത്രാലയത്തിൽ പരാതിപരിഹാര സെൽ സജ്ജമാക്കിയും, സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾക്ക് സൗകര്യമൊരുക്കേണ്ടതാണ്.

11. **സംഭരണത്തിന് നിശ്ചിത ഇനങ്ങൾക്ക് സംവരണം**. രാജ്യത്ത്, വിശേഷിച്ചും ഗ്രാമ പ്രദേശങ്ങളിൽ സംരംഭങ്ങളുടെ വിശാലമായ വ്യാപനം പ്രാപ്തമാക്കുന്നതിനായി, കേന്ദ്ര സർക്കാർ മന്ത്രാലയങ്ങൾ, വകുപ്പുകൾ, പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവ സൂക്ഷ്മ, ചെറുകിട സംരംഭങ്ങളിൽ നിന്ന് മാത്രം വാങ്ങുന്നതിനായി സംവരണം ചെയ്തിട്ടുള്ള 358 ഇനങ്ങൾ (അനുബന്ധം) അവരിൽ നിന്നു തന്നെ സംഭരിക്കുന്നത് തുടരേണ്ടതാണ്. ഇത് രാജ്യത്ത് എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വളർച്ച പരിപോഷിപ്പിക്കുന്നതിൽ ഒരു നിർണായക പങ്ക് വഹിക്കുന്നതായ ഖാദി, ഗ്രാമ വ്യവസായങ്ങൾ ഉൾപ്പെടെയുള്ള സൂക്ഷ്മ, ചെറുകിട സംരംഭങ്ങളുടെ പ്രോത്സാഹനത്തിലും വളർച്ചയിലും സഹായിക്കുന്നതാണ്.

12. **റിവ്യൂ കമ്മിറ്റി**.– (1) സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾക്കുള്ള പൊതു സംഭരണ നയം നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി 2010 ജൂൺ 21 തീയതിയിലെ 21(1)/2007–എം.എ. നമ്പർ ഉത്തരവിലൂടെ (അനുബന്ധം) സെക്രട്ടറി, സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ അദ്ധ്യക്ഷനായുള്ള ഒരു റിവ്യൂ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്

(2) ഈ കമ്മിറ്റി, മറ്റ് കാര്യങ്ങളുടെ കൂട്ടത്തിൽ, സൂക്ഷ്മ, ചെറുകിട സംരംഭങ്ങളിൽ നിന്നു മാത്രം വാങ്ങുന്നതിനായി സംവരണം ചെയ്തിട്ടുള്ള 358 ഇനങ്ങളുടെ പട്ടിക തുടർച്ചയായ അടിസ്ഥാനത്തിൽ അവലോകനം ചെയ്യുകയും, 20 ശതമാനം ലക്ഷ്യത്തിൽ നിന്ന് ഒഴിവാക്കണമെന്നുള്ള കേന്ദ്ര മന്ത്രാലയങ്ങളുടെ അല്ലെങ്കിൽ വകുപ്പുകളുടെ അല്ലെങ്കിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ അഭ്യർത്ഥനകൾ ഒരോന്നും പ്രത്യേകം പ്രത്യേകം കേസായി പരിഗണിക്കുകയും, ഈ നയത്തിനു കീഴിലുള്ള നേട്ടങ്ങൾ നിരീക്ഷിക്കുകയും ചെയ്യും.

13. **പരാതിപരിഹാര സെൽ സജ്ജമാക്കൽ**. ഇത് കൂടാതെ, സർക്കാർ സംഭരണങ്ങളിൽ സൂക്ഷ്മ, ചെറുകിട സംരംഭങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കുള്ള മന്ത്രാലയത്തിൽ ഒരു പരാതി പരിഹാര സെൽ രൂപീകരിക്കുന്നതാണ്. ഈ സെൽ, സർക്കാർ സംഭരണവുമായി ബന്ധപ്പെട്ട് സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾ ഉന്നയിക്കുന്ന, സർക്കാർ വകുപ്പുകൾ അല്ലെങ്കിൽ ഏജൻസികൾ പുറപ്പെടുവിക്കുന്ന ടെൻഡറുകളിൽ സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾക്ക് ദോഷകരമായ അന്യായമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടെ അല്ലെങ്കിൽ ഏജൻസികളുടെ പക്കലെത്തിക്കുന്നതാണ്.

14. **പ്രതിരോധ സംഭരണത്തിനുള്ള പ്രത്യേക വ്യവസ്ഥകൾ**.അതിന്റെ സവിശേഷ സ്വഭാവം

കണക്കിലെടുത്ത് പ്രതിരോധ മന്ത്രാലയത്തിനുള്ള 20 ശതമാനം ലക്ഷ്യം കണക്കാക്കുമ്പോൾ പ്രതിരോധ യുദ്ധോപകരണ ഇറക്കുമതി ഉൾപ്പെടുത്താൻ പാടില്ല. കൂടാതെ, ആയുധ സംവിധാനങ്ങൾ, മിസൈലുകൾ മുതലായവ പോലെയുള്ള പ്രതിരോധ ഉപകരണങ്ങൾ, അത്തരം സംവരണത്തിന്റെ നയത്തിന്റെ പരിധിയ്ക്ക് പുറത്ത് തുടരുന്നതാണ്.

15. **ലക്ഷ്യങ്ങളുടെ നിരീക്ഷണം**. പ്രതിരോധ മേഖലയുമായി ബന്ധപ്പെട്ട് ഈ നയത്തിനു കീഴിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന ലക്ഷ്യങ്ങളുടെ നിരീക്ഷണം, പ്രതിരോധ മന്ത്രാലയം സജ്ജമാക്കിയിട്ടുള്ള അനുയോജ്യമായ നടപടിക്രമങ്ങൾക്ക് അനുസൃതമായി പ്രതിരോധ മന്ത്രാലയം തന്നെ നടത്തുന്നതാണ്.

16. **ബുദ്ധിമുട്ട് നീക്കം ചെയ്യൽ.**–മുകളിൽ പറഞ്ഞിരിക്കുന്ന നയം നടപ്പിലാക്കുന്ന വേളയിൽ അനുഭവപ്പെട്ട ഏത് ബുദ്ധിമുട്ടുകളും, സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കുള്ള മന്ത്രാലയം അനുയോജ്യമായ പത്രക്കുറിപ്പുകൾ മുഖേന സ്പഷ്ടീകരിക്കുന്നതും അത് പൊതു അറിവിലെത്തിക്കുന്നതുമാണ്.

[FNo.21(1)/2011-MA]

**അമരേന്ദ്ര സിൻഹ**

അഡീഷണൽ സെക്രട്ടി ആന്റ് ഡെവലപ്മെന്റ് കമ്മീഷണർ (എം.എസ്.എം.ഇ.)

eXPert PDF Trial